# ഉന്നത വിദ്യാഭ്യാസം: മാർഗദർശനത്തിന്റെ പ്രാധാന്യം

**സ്വാതന്ത്ര്യാനന്തര** ഭാരതത്തിൽ മുസ്‌ലിം സമുദായം അഭിമുഖീകരിക്കുന്ന നിരവധി പ്രശ്നങ്ങളിൽ ഏറെ സങ്കീർണമായതാണ് പുതിയ തലമുറകളുടെ ഔപചാരിക വിദ്യാഭ്യാസം. സമുദായത്തിന്റെ സർവതോമുഖമായ പിന്നാക്കാവസ്ഥക്ക് നിദാനമായ അടിസ്ഥാന പ്രശ്നമായി ഇന്നും ഇത് നിലനിൽക്കുന്നു. മതവിദ്യാഭ്യാസത്തിനുള്ള ഏർപ്പാടുകൾ നേരത്തെതന്നെ കുറച്ചൊക്കെ ഉണ്ടായിരുന്നു. കാലോചിതമായ പരിഷ്കരണവും വികസനവുമാണ് അതിൽ ആവശ്യമായിരുന്നത്. മതസംഘടനകൾ ഒരളവോളം അതേറ്റെടുക്കുകയുണ്ടായി. അതിന്റെ ഫലമാണ് കേരളത്തിൽ സ്ഥാപിതമായ ആയിരക്കണക്കിൽ മദ്റസകളും അറബികോളേജുകളും. സമുദായത്തിന്റെ സ്വന്തം വിഭവങ്ങൾ കൊണ്ടാണ് ഇവ പ്രവർത്തിക്കുന്നത്. തലമുറകൾക്ക് മതവിദ്യാഭ്യാസം നൽകുക മാത്രമാണിവയുടെ ലക്ഷ്യം. ആ ലക്ഷ്യം തന്നെ അതു പൂർണമായി നിറവേറ്റുന്നില്ല എന്ന പരാതി നിലവിലുണ്ട്. ഇത്തരം സ്ഥാപനങ്ങളിൽ പഠിച്ചു പുറത്തിറങ്ങുന്നവർക്ക് ആധുനിക ഭൗതിക ലോകവുമായി സംവദിക്കാൻ കഴിയുന്നില്ല എന്നത് വലിയൊരു ന്യൂനതയാണ്. അതിനു പരിഹാരമായിട്ടാണ് മതവിജ്ഞാനീയങ്ങളും ഭൗതിക വിജ്ഞാനീയങ്ങളും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു വിദ്യാഭ്യാസ പദ്ധതി ജമാഅത്തെ ഇസ്‌ലാമി ആവിഷ്കരിച്ചു നടപ്പിലാക്കിയത്. പിൽക്കാലത്ത് മറ്റു ചില സംഘടനകളും ഈ സമ്പ്രദായം പരീക്ഷിച്ചു തുടങ്ങി. മതപ്രബോധകരെ ഭൗതിക വിജ്ഞാനീയങ്ങളിൽ പ്രബുദ്ധരാക്കുക എന്ന അർഥത്തിൽ ഈ സമ്പ്രദായം വളരെ വിജയകരമാണ്. പക്ഷേ ഔപചാരിക പൊതുവിദ്യാഭ്യാസത്തിനു പകരം നിൽക്കാൻ, സമുദായത്തിന്റെ പരിമിതമായ വിഭവശേഷി കൊണ്ട് നിലനിൽക്കുന്ന മതവിഷയങ്ങളിലും മാനവിക വിഷയങ്ങളിലും മാത്രം ഊന്നിയ ഈ സമ്പ്രദായത്തിനു സാധിക്കുകയില്ല.

ഇന്ത്യയിൽ ആധുനിക ഭൗതികവിദ്യാഭ്യാസം നടപ്പിലാക്കിയത് ബ്രിട്ടീഷുകാരായിരുന്നു. ബ്രിട്ടനോടുള്ള അടിമത്തത്തെ സൗഭാഗ്യമായി കാണുന്ന പ്രജകളെയും അവരെ ഭരിക്കാനാവശ്യമായ ഉദ്യോഗസ്ഥരെയും വാർത്തെടുക്കുകയായിരുന്നു അവരുടെ ലക്ഷ്യം. ബ്രിട്ടീഷ് ആധിപത്യത്തോടും പാശ്ചാത്യ സംസ്കാരത്തോടും കടുത്ത എതിർപ്പുണ്ടായിരുന്ന മുസ്‌ലിംകൾ സ്വാഭാവികമായും ആ വിദ്യാഭ്യാസ രീതിയിൽനിന്ന് മുഖം തിരിച്ചു. സ്വാതന്ത്ര്യാനന്തരം വന്ന സർക്കാറുകൾ ബ്രിട്ടീഷുകാർ നടപ്പിലാക്കിയ വിദ്യാഭ്യാസ സമ്പ്രദായത്തിൽ കാതലായ മാറ്റം വരുത്തുകയുണ്ടായില്ല. അതിനാൽ സ്വാതന്ത്ര്യത്തിനു ശേഷവും ഔപചാരിക ഭൗതികവിദ്യാഭ്യാസം മുസ്‌ലിംകളെ ആകർഷിച്ചില്ല. ആധുനിക വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ച് അവർ ബോധവാന്മാരായതുമില്ല. മുസ്‌ലിം സമുദായം വിദ്യാഭ്യാസരംഗത്ത് ബഹുദൂരം പിന്തള്ളപ്പെട്ടു എന്നതാണതിന്റെ ഫലം. വിദ്യാഭ്യാസപരമായ അധഃസ്ഥിതിയുടെ അനിവാര്യതയായി സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ മണ്ഡലങ്ങളിലും സമുദായം പിന്തള്ളപ്പെട്ടു.

എങ്കിലും നവോത്ഥാന പ്രസ്ഥാനങ്ങളുടെയും വിദ്യാഭ്യാസ പ്രവർത്തകരുടെയും ബോധവത്കരണ ശ്രമങ്ങളുടെ ഫലമായി വിദ്യാഭ്യാസ വിഷയത്തിൽ സാവധാനത്തിലെങ്കിലും മുസ്‌ലിം സമുദായം ഉണർന്നു വരുന്നുണ്ട്. രാജ്യത്തങ്ങിങ്ങായി മുസ്‌ലിം വിദ്യാഭ്യാസ ഏജൻസികളും കലാലയങ്ങളും ഉയർന്നുകൊണ്ടിരിക്കുന്നു. സമുദായത്തിന്റെ വർധിച്ചുവരുന്ന ആവശ്യങ്ങളുമായി പൊരുത്തപ്പെടാൻ ഇനിയും അവ എണ്ണത്തിലും വണ്ണത്തിലും ഒരുപാട് ദൂരം സഞ്ചരിക്കേണ്ടതുണ്ട്. എങ്കിലും സാങ്കേതിക ശാസ്ത്രങ്ങളിലും വൈദ്യശാസ്ത്രത്തിലും ഇൻഫർമേഷൻ ടെക്നോളജിയിലുമെല്ലാം മുസ്‌ലിം യുവാക്കളുടെ വർധിച്ച സാന്നിധ്യം പ്രകടമാണ്. സർക്കാറിന്റെ ചില നടപടികളും സർക്കാറിതര തൽപരകക്ഷികളുടെ ആസൂത്രിത നീക്കങ്ങളും അവരുടെ ഉത്സാഹവും മനോവീര്യവും തകർക്കപ്പെടാൻ കാരണമാകുന്നു എന്നതാണ് ഇക്കാര്യത്തിൽ ഉത്കണ്ഠാജനകമായിട്ടുള്ളത്. മുസ്‌ലിം സമുദായത്തിന്റെ വിദ്യാഭ്യാസപരമായ ഉന്നമനത്തിനു വേണ്ടി കേന്ദ്ര -സംസ്ഥാന ഗവൺമെന്റുകൾ ഇതുവരെ കാര്യമായി ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് സച്ചാർ കമ്മിറ്റി റിപ്പോർട്ട് വ്യക്തമാക്കുന്നുണ്ട്. കേരളത്തിൽ മുസ്‌ലിംകൾ തിങ്ങിപ്പാർക്കുന്ന മലപ്പുറം ജില്ലയിൽ ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി പരീക്ഷയിൽ 61069 വിദ്യാർഥികൾ വിജയിക്കുകയുണ്ടായി. ഈ വിദ്യാർഥികളുടെ തുടർപഠനത്തിന് ഐ.ടി.ഐ, ഐ.ടി.സി, പോളി ടെക്നിക്ക് എന്നിവയിലുൾപ്പെടെ 27000 സീറ്റുകളാണ് ജില്ലയിലുള്ളത്. ബാക്കി 34000 വിദ്യാർഥികളും വിദ്യാഭ്യാസത്തിൽനിന്ന് പുറംതള്ളപ്പെടും. അതേ സമയം പത്തനംതിട്ട, കോട്ടയം, കൊല്ലം തുടങ്ങിയ ക്രൈസ്തവ -ഹൈന്ദവ മുന്നാക്ക വിഭാഗങ്ങൾക്ക് ഭൂരിപക്ഷമുള്ള തെക്കൻ ജില്ലകളിൽ എസ്.എസ്.എൽ.സി കഴിഞ്ഞവരെ മുഴുവൻ ഉൾക്കൊണ്ട ശേഷവും 5000 മുതൽ 11000 വരെ സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. മതേതര പാർട്ടികളുടെ ഇടതുപക്ഷമുന്നണിയും വലതുപക്ഷ മുന്നണിയും മാറിമാറി ഭരിച്ച, മുസ്‌ലിം സാമുദായിക കക്ഷിയുടെ മന്ത്രിമാർ തന്നെ പലവട്ടം വിദ്യാഭ്യാസം കൈകാര്യം ചെയ്ത കേരളത്തിന്റെ അവസ്ഥ ഇതാണെങ്കിൽ ഇതര സംസ്ഥാനങ്ങളുടെ കാര്യം ആലോചിക്കാവുന്നതേയുള്ളൂ. വിദ്യാഭ്യാസം കച്ചവടവത്കരിക്കപ്പെട്ടതും പിന്നാക്ക വിഭാഗങ്ങളുടെ മുന്നിൽ, വിശേഷിച്ചും മുസ്‌ലിംകളുടെ മുന്നിൽ വൻമതിൽകെട്ടായി ഉയർന്നു നിൽക്കുന്നു.

സെക്കന്ററി- ഹയർ സെക്കന്ററി തലങ്ങൾ പിന്നിടുന്നവരെ ഏറെ കുഴക്കുന്നതാണ് 'ഇനിയെന്ത്' എന്ന ചോദ്യം. ഇതിന് ഉത്തരം കാണുന്നതിൽ പിഴക്കുന്നവർ ചിലപ്പോൾ സമയവും സമ്പത്തും സ്വന്തം ഭാവിയും ഒരുമിച്ചു പാഴാക്കുന്നു. സെക്കന്ററി വിദ്യാഭ്യാസം പൂർത്തിയാക്കിയവർക്ക് തുടർ വിദ്യാഭ്യാസത്തിനുള്ള മാർഗദർശനം സമുദായം ഗൗരവപൂർവം പരിഗണിക്കേണ്ട വിഷയമാണ്. കേരളത്തിൽ ചില വിദ്യാഭ്യാസ പ്രവർത്തകരും 'സിജി' (സെന്റർ ഫോർ ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ഓഫ് ഇന്ത്യ) പോലുള്ള സ്ഥാപനങ്ങളും ഈ രംഗത്ത് വിലപ്പെട്ട സേവനങ്ങളർപ്പിക്കുന്നുണ്ട്. അടിസ്ഥാനപരമായി വിദ്യാർഥി -യുവജന പ്രസ്ഥാനങ്ങളും അതത് മഹല്ലു കമ്മിറ്റികളും ഏറ്റെടുക്കേണ്ടതാണീ ദൗത്യം. ജമാഅത്തെ ഇസ്‌ലാമിയുടെ വിദ്യാർഥി വിഭാഗമായ സ്റ്റുഡന്റ്സ് ഇസ്‌ലാമിക് ഓർഗനൈസേഷൻ അവരുടെ ദൗത്യം ഏറക്കുറെ നിർവഹിച്ചുവരുന്നുണ്ട്. എല്ലാ മത സംഘടനകളും അവരുടെ വിദ്യാർഥി വിഭാഗങ്ങളിലൂടെയും അവരവർക്ക് സ്വാധീനമുള്ള മഹല്ല് ജമാഅത്തുകളിലൂടെയും പരിശ്രമിച്ചാൽ മുസ്‌ലിം സമുദായത്തിൽ ഉന്നത വിദ്യാഭ്യാസം കൂടുതൽ വികസ്വരവും കാര്യക്ഷമവുമാകുമെന്ന് പ്രതീക്ഷിക്കാം. ■